13

# ഒരു വിശുദ്ധ മന്ദിരം

## (2:19- 22)

*ദ ലയൺ കിങ്ങ്* എന്ന സിനിമ ദശലക്ഷക്കണക്കിനു ആളുകളുടെ ഹൃദയം കവർന്നിട്ടുണ്ട്. അതു സിംബയുടെ കഥയാണ് പറയുന്നത്, ആ പ്രദേശത്തെ രാജാവായി തീരേണ്ടിയിരുന്ന സിംബ ഒരു ചെറിയ സിംഹമായിരുന്നു. ഒരു സമയത്ത്, സിംബ അവന്റെ ചുറ്റുപാടുകൾക്കു പുറത്തു കടന്നതായി അവൻ കാണുന്നു. ചെറിയ, പക്വതയില്ലാത്ത സിംഹം തന്റെ പരിചിതമായ വാസസ്ഥലം വിട്ടു ഒരു പുതിയ സ്ഥലത്തേക്കു മാറി താമസിക്കുവാൻ പോയി. ആ സ്ഥലത്തു അവൻ ജനിച്ച സ്ഥലത്തു രാജാവായി പെരുമാറിയതുപോലെ പെരുമാറിയില്ല. അവന്റെ പദവിയും നിലവാരവും വിട്ടു അവൻ താഴ്ന്നു ജീവിച്ചു.

ക്രിസ്ത്യാനികൾക്കു സിംബയെ പോലെ ആകാം. നമുക്ക് ക്രിസ്തീയ പ്രതലത്തിൽ അല്ലെങ്കിൽ ചുറ്റുപാടിൽ നിന്നു പുറത്തു പോയി മരണത്തിൽ നിന്നു ജീവങ്കലേക്കു വന്നവർ പെരുമാറേണ്ട രീതിയിൽ അല്ലാത്തവർ ആയി ജീവിക്കാം. ദൈവത്തിന്റെ പുതിയ സൃഷ്ടികളായ ജനം എന്ന വാസ്തവത്തിലുള്ള തിരിച്ചറിവു നാം മറന്നുപോകാം.

സിംബ എന്ന, രാജാവായ സിംഹം, ഒരിക്കൽ കൂടെ താൻ ആരാകേണ്ടിയിരുന്നു എന്നു തിരിച്ചറിയുന്നതുവരെ അവന്റെ അവസ്ഥയെ മനസ്സിലാക്കി മാറുവാൻ തയ്യാറായില്ല. അതു നമ്മെ സംബന്ധിച്ചും വാസ്തവമാണ്. ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്തതിനെ നാം വീണ്ടും ഓർമ്മിക്കുകയും നമ്മുടെ ലക്ഷ്യസ്ഥാനം ദൈവം എവിടെ നിർണ്ണയിച്ചിരിക്കുന്നു എന്നും തിരിച്ചറിയണം.

എഫെസ്യ ലേഖനം 2-ന്റെ അവസാന പകുതിയിൽ, അതാണ് പൗലൊസ് എഫെസൊസിലെ ക്രിസ്ത്യാനികൾക്ക് ചെയ്യുവാൻ ശ്രമിച്ചത്. ക്രിസ്ത്യാനികളുടെ ജീവിതത്തിൽ ദൈവകൃപയുടെ ഫലം എന്തെന്നും ദൈവം തന്റെ ജനത്തിനുവേണ്ടി ആഗ്രഹിക്കുന്നതെന്തെന്നും അവൻ അവർക്കു കാണിച്ചുകൊടുക്കുന്നു.

2:11-18-ൽ, നമ്മുടെ ജീവിതത്തിൽ ദൈവകൃപയുടെ ഫലത്തെ കുറിച്ചുള്ള സത്യം പൗലൊസ് വ്യക്തമാക്കുന്നു: ദൈവകൃപ നമ്മെ ഒരു പുതിയ മനുഷ്യ സമൂഹം ആക്കുകയാണ്. ഒരിക്കൽ നാം ആയിരുന്നതിൽ നിന്നു ചെറിയ വ്യത്യാസം വരുത്തി നമ്മെ സ്വയം കാണുവാനല്ല ദൈവം ആഗ്രഹിച്ചത്, പിന്നെയോ "ക്രിസ്തുവിന്റെ രക്തത്താൽ" (2:13) തികച്ചും ഒരു പുതിയ മനുഷ്യ സമൂഹമായി കാണുവാനാണ്.

2:19-22 ൽ, പൗലൊസ് ചിത്രം മാറ്റുന്നു: ദൈവത്തിന്റെ കൃപ നമ്മെ വിശുദ്ധ മന്ദിരമാക്കി. നിങ്ങളുടെ ജീവിതം അതെല്ലായ്പ്പോഴും കാണിച്ചെന്നു വരികയില്ല. തീർച്ചയായും എന്റേതും അങ്ങനെ തന്നെ. ചിലപ്പോൾ, ആ

സിംബയെ പോലെ, നാം നമ്മുടെ ഉത്തരവാദിത്വങ്ങൾ ഉപേക്ഷിച്ച് ദൈവത്തിന്റെ വിശുദ്ധിയുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളിൽ ഏർപ്പെടും. സിംബ താൻ ആരാകേണ്ടവനാണ് എന്നു രാജാവായി ജീവിക്കുവാൻ തുടങ്ങുന്നതിനു മുൻപു തന്നെ ചിന്തിക്കണമായിരുന്നു. ദൈവത്തെ ആദരിക്കുന്ന വിശുദ്ധ ജീവിതം നയിക്കുവാൻ നമ്മെ പൗലൊസിന്റെ വാക്കുകൾ സഹായിക്കും:

> ആകയാൽ നിങ്ങൾ, ഇനി അന്യന്മാരും പരദേശികളുമല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും, ദൈവത്തിന്റെ ഭവനക്കാരുമത്രെ, ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു, അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു, കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു; അവനിൽ നിങ്ങളേയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു (2:19-22).

ആ വേദഭാഗത്തിന്റെ മുഖ്യ സത്യം ഇതാകുന്നു: *ദൈവം തന്നെ വസിക്കുന്ന വിശുദ്ധ മന്ദിരം ആകേണ്ടതിനു അവൻ ക്രിസ്ത്യാനികളെ മുന്നറിയിച്ചിരിക്കുന്നു.*

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ, നിങ്ങൾ ഇതു സ്വയം മനസ്സിലാക്കേണ്ടതുണ്ട്. ദൈവം തനിക്കുവേണ്ടി പണിയുന്ന വലിയ മന്ദിരത്തിന്റെ ഭാഗമാണ് നിങ്ങൾ. ഈ വേദഭാഗം നാം നോക്കുമ്പോൾ, ദൈവം നമ്മെ കുറിച്ചു ഉദ്ദേശിച്ചതുതന്നെ നാം മുറുകെ പിടിക്കുകയാണ്.

## അടിസ്ഥാനം

*അടിസ്ഥാനത്തോടു*കൂടി ആരംഭിക്കുന്ന ഈ വിശുദ്ധ മന്ദിരത്തിന്റെ, മൂന്നു വിശേഷതകൾ പൗലൊസ് സൂചിപ്പിക്കുന്നു. നിങ്ങളും ഞാനും പങ്കുകാരായിരിക്കുന്ന ഈ വിശുദ്ധ മന്ദിരത്തിന്റെ അടിസ്ഥാനം "അപ്പൊസ്തലന്മാരും പ്രവാചകന്മാരും" ആണ്. പൗലൊസ് അവർ ആരായിരുന്നു എന്നല്ല ചിന്തിച്ചത് - പൗലൊസ്, യോഹന്നാൻ, പത്രൊസ്, തുടങ്ങിയവർ - എന്നാൽ ആ വിശുദ്ധ മന്ദിരത്തിന് അടിസ്ഥാനം ഇടുവാൻ അവർ എന്തുചെയ്തു എന്നാണ് ചിന്തിച്ചത്. അവർ എന്താണ് ചെയ്തത്? അവർ ആധികാരികമായി ദൈവത്തിന്റെ സത്യം മനുഷ്യരിലേക്കു എത്തിച്ചു.

ഒന്നാം നൂറ്റാണ്ടിൽ, ദൈവം നമ്മുടെ വിശ്വാസത്തിനുവേണ്ട അടിസ്ഥാന സത്യങ്ങൾ "അപ്പൊസ്തലന്മാരോടും പ്രവാചകന്മാരോടും" അറിയിച്ചു. ആ സത്യങ്ങളാണ് പുതിയ നിയമത്തിൽ നമുക്കുവേണ്ടി സൂക്ഷിച്ചിരിക്കുന്നത്. നമ്മുടെ ജീവിതത്തിനു വേണ്ട തീർച്ചയുള്ള അടിസ്ഥാനം പുതിയ നിയമത്തിൽ കാണുന്ന അടിസ്ഥാന സത്യങ്ങളാണ് (2 തിമൊഥെയൊസ് 3:16, 17).

മറ്റൊരു വാക്കുകളും നമ്മെ നിത്യതയിലേക്കു നയിക്കുകയില്ല. മറ്റൊരു വാക്കുകളും നമ്മെ രക്ഷിക്കുകയില്ല. ദൈവത്തിലേക്കു പോകുവാൻ വഴി കാണിച്ചു തരുന്ന മറ്റൊരു വാക്കുകളുമില്ല. നമ്മെ ദൈവത്തിനുള്ള വിശുദ്ധ മന്ദിരത്തിന്റെ ഭാഗമാക്കി മാറ്റുവാൻ സഹായകരമായ മറ്റു വാക്കുകൾ ഒന്നുമില്ല.

*ദ ഫേം* ആന്റ് *ദ ക്ലയന്റ്* തുടങ്ങി നല്ല വില്പനയുള്ള നോവൽ എഴു

ത്തുകാരനാണ് ജോൺ ഗ്രിഷാം. അനേകം ആളുകളെ രസിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ, പക്ഷെ അവ ഒന്നും ആർക്കും നിത്യജീവൻ നല്കുന്ന വാക്കുകളുള്ളവയല്ല. നമ്മുടെ പ്രചാരത്തിലിരിക്കുന്ന പാട്ടുകളിലെ വരികളും നിത്യജീവനിലേക്കുള്ള വഴി കാണിക്കുന്നവയല്ല. *ടൈം* അല്ലെങ്കിൽ *ന്യൂസ്വീക്ക്* എന്നീ മാഗസീനിൽ കവർസ്റ്റോറിയായോ നിങ്ങളുടെ പ്രാദേശിക വർത്തമാനപത്രത്തിലെ മുൻപേജിലോ ദൈവത്തിലേക്കുള്ള വഴി കണ്ടെത്തുവാൻ നിങ്ങൾക്കു സാധിക്കുകയില്ല. പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന "അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും," വാക്കുകളാണ് എന്നേക്കുമുള്ള ജീവന്റെ വഴി നമുക്കു കാണിച്ചു തരുന്നത്. അവരുടെ വാക്കുകൾ അടിസ്ഥാനമായി തീർന്ന് അതിന്മേൽ ദൈവത്തിന്റെ വിശുദ്ധ മന്ദിരം പണിതിരിക്കുന്നു.

**മൂലക്കല്ല്**

ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിനു പൗലൊസ് രണ്ടാമത്തെ വിശേഷണം നല്കിയിരിക്കുന്നു: *മൂലക്കല്ല്*. "ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കുന്ന" വിശുദ്ധ മന്ദിരമാണിത് (2:20). മശിഹ വരുന്നതിനെ കുറിച്ചു ബൈബിളിൽ യെശയ്യാവിലെ ദൈവ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു: "ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു, ശോധന ചെയ്ത കല്ലും, വിലയേറിയ മൂലക്കല്ലും ആയി, ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു. ..." (യെശയ്യാവു 28:16).

ഒരു ഘടനയിൽ മൂലക്കല്ല് പ്രധാനപ്പെട്ട കല്ലാണ്. അത് മുഴുവൻ കെട്ടിടത്തേയും യോജിപ്പിച്ചു നിർത്തുന്നു. മൂലക്കല്ലിന്റെ പ്രാധാന്യം എന്തെന്നാൽ പണിയുന്നവർ മൂലക്കല്ലിൽ രാജാവിനെ ആദരിച്ചുകൊണ്ട് രാജാവിന്റെ പേർ അതിൽ കൊത്തും. ആ പ്രത്യേക കല്ലു കെട്ടിടത്തിന്റെ സ്വഭാവത്തെയും അടിസ്ഥാനത്തിന്റെ ഉറപ്പിനെയും നിർണ്ണയിക്കുന്നു.

യേശു എന്ന മൂലക്കല്ലാണ്, തന്റെ ജനത്തെ ഉറപ്പിക്കുന്ന ശക്തി. നാം അവനുമായി ബന്ധപ്പെട്ട് നമ്മുടെ ജീവിതത്തെ അവന്റെ ജീവിതവുമായി യോജിപ്പിക്കുമ്പോൾ, ദൈവം ആഗ്രഹിക്കുന്ന വിശുദ്ധ മന്ദിരമായി നാം തീരുന്നു. നിർഭാഗ്യവശാൽ നാം, യേശുവിനെ അനുകരിക്കുന്നതിൽ പരാജയപ്പെടുന്നു, അതിന്റെ ഫലമായി, വിശുദ്ധ മന്ദിരമായി കാണപ്പെടാതിരിക്കുന്നു.

"ദൈവം യോജിപ്പിച്ചതിനെ, മനുഷ്യൻ വേർപിരിക്കരുത്" (മത്തായി 19:6; മർക്കൊസ് 10:9) എന്നു, യേശു പറഞ്ഞിട്ടുണ്ടെങ്കിലും, ഉദാഹരണത്തിനു, ഏതൊരു കാരണത്തെച്ചൊല്ലിയും വിവാഹമോചനം നടത്തുന്നതു ക്രിസ്ത്യാനികൾക്കിടയിൽ വർദ്ധിച്ചു വരികയാണ്. ഈ കാര്യത്തിൽ നാം മൂലക്കല്ലിനോടുകൂടെ ചേരുന്നതിൽ പരാജയപ്പെടുന്നു.

ഒരു ക്രിസ്തീയ യുവാവിന് യേശു അങ്ങനെ ചെയ്യുമെന്നു ഊഹിക്കുവാൻ പോലും കഴിയുകയില്ലെങ്കിലും, ഒരു അ – ക്രൈസ്തവനുമായി ചേർന്നു ആറു പാക്കറ്റു ബിയർ പങ്കിടുവാൻ പോയേക്കാം. യേശു സത്യസന്ധതയുടെ മൂല്യം പഠിപ്പിച്ചിട്ടുണ്ടെങ്കിലും, ഒരു വ്യാപാരി സഭയിൽ ഞായറാഴ്ച്ച യേശുവിനെ കുറിച്ചുള്ള പാട്ടു പാടുകയും തിങ്കളാഴ്ച്ച പോയി തന്റെ വ്യാപാരവുമായി ബന്ധപ്പെട്ട കാര്യത്തിൽ സത്യത്തെ വളച്ചൊടിക്കാം. ചിലപ്പോൾ മൂലക്കല്ലുമായുള്ള ബന്ധം നാം വിട്ടു കളഞ്ഞേക്കാം.

നമ്മുടെ ജീവിതം യേശുവിന്റെ ജീവിതവുമായി യോജിപ്പുള്ളതാകണം.

നമ്മുടെ മനോഭാവങ്ങളിലോ, ചിന്തകളിലോ, വാക്കുകളിലോ, പ്രവൃത്തികളിലോ എത്രത്തോളം നാം യേശുവുമായി യോജിച്ചിരിക്കുന്നു എന്നു നാമെല്ലാവരും പരിശോധിക്കണം.

പ്രാദേശിക ഇടവകകളുടെ മൂലക്കല്ലായി നാം യേശുവിനെ എടുക്കണം. നമ്മുടെ കുടുംബാംഗങ്ങൾ ഓരോ ദിവസവും തങ്ങളുടെ ജീവിതം യേശുവിന്റെ ജീവിതത്തോടൊപ്പം ആക്കിയാൽ നമ്മുടെ സഭാ കുടുംബങ്ങൾ ശക്തമാകും. നാം ആരാധിക്കേണ്ടതും മഹത്വപ്പെടുത്തേണ്ടതും, മുഖ്യമായി കരുതേണ്ടതും യേശുവിനെ ആയിരിക്കണം. സുവിശേഷം മുഖാന്തരം നാം മറ്റുള്ളവരെ അവന്റെ അടുക്കൽ എത്തിക്കണം. ഇങ്ങനെ, മുൻപു ആയിരുന്നതിനേക്കാൾ സഭ കൂടുതൽ ശക്തമാക്കാം.

**കെട്ടിട കല്ലുകൾ**

വിശുദ്ധ മന്ദിരത്തിന്റെ മൂന്നാമത്തെ വിശേഷത *കെട്ടിട കല്ലുകളാണ്.* അവ ഏതെല്ലാമാണ്? പൗലൊസ് അവയെ തിരിച്ചറിഞ്ഞു: “അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസം ആകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു” (2:22).

പൗലൊസ് എഫെസ്യ ലേഖനം എഴുതുമ്പോൾ, യെഹൂദ മന്ദിരം യെരുശലേമിൽ ഉണ്ടായിരുന്നു. ജാതികളെ ആ മന്ദിരത്തിൽ നിന്നു ഒഴിവാക്കിയിരുന്നു. അവർക്ക് അതിനടുത്തുവരെ ചെല്ലാം, എന്നാൽ അകത്തു പ്രവേശിക്കുവാൻ അനുവാദം ഇല്ലായിരുന്നു. അതു ഇന്നു റഷ്മോർ പർവ്വതം കാണുവാൻ പോകുന്നതു പോലെയാണ്. ദൂരെ നിന്നു മാത്രമെ സന്ദർശകർക്ക് ആ മലയിലെ കൊത്തുപണികൾ കാണുവാൻ അനുവാദമുള്ളൂ. ജാതികളെയും ഒരതിരുവരെ മാത്രമെ ചെല്ലുവാൻ അനുവദിച്ചിരുന്നുള്ളൂ. ജാതികളെ ചില സ്ഥലങ്ങളിൽ പ്രവേശനം വിലക്കിയിരിക്കുന്നതായി ബോർഡുകൾ എവിടെയും കാണാമായിരുന്നു.

പുതിയ നിയമത്തിൻ കീഴിൽ, നിയമങ്ങൾക്കു മാറ്റം വന്നു. ദൈവ മന്ദിരമായി പ്രവർത്തിക്കുന്ന ഒരു കെട്ടിടവുമില്ല. അവന്റെ ആലയം നിലകൊള്ളുന്നു എന്നവകാശപ്പെടുന്ന ഒരു നഗരവുമില്ല. ഭൂപടത്തിലെ ഏതെങ്കിലും പടമോ ഭൂഗോളത്തിലെ ഏതെങ്കിലും ഭാഗമോ ചൂണ്ടിക്കാണിച്ചു “നിങ്ങൾ ദൈവ മന്ദിരം കാണുവാൻ അവിടെയാണ് പോകേണ്ടതു” എന്നു പറയുവാൻ ആർക്കും കഴിയുകയില്ല.

അത്തരം ആലയം ഇനി ഉണ്ടാകയില്ല. ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യവർഗ്ഗത്തെ ദൈവം സൃഷ്ടിച്ചതുപോലെ, അവൻ ക്രിസ്തുവിൽ ഒരു പുതിയ മന്ദിരം പണിതിരിക്കുന്നു. ക്രിസ്തുവിൽ ആയി തീരുന്ന ഓരോരുത്തരും അവന്റെ മനോഹര മന്ദിരത്തിന്റെ ഓരോ ജീവനുള്ള കെട്ടിട കല്ലുകളായി തീരുന്നു.

അടുത്ത സമയത്ത് വാഷിങ്ടൺ, ഡി.സി.യിൽ നടക്കുന്ന ഒരു ആഘോഷപരിപാടിയുടെ പ്രക്ഷേപണം റ്റി.വി.യിൽ ഞാൻ കാണുകയുണ്ടായി. അതു അമേരിക്കക്കുള്ള ആദരസൂചകമായ സംഗീത പരിപാടിയായിരുന്നു. പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന രമ്യഹർമ്മങ്ങൾ പ്രക്ഷേപണത്തിൽ കാണിക്കുകയുണ്ടായി, അതിൽ വൈറ്റ് ഹൗസ്, വാഷിങ്ങ്ടൺ മോണുമെന്റ്, ദ ജെഫെർസൺ മെമ്മോറിയൽ, ലിങ്കൺ മെമ്മോറിയൽ എന്നിവയും ഉൾപ്പെട്ടിരുന്നു.

ആ കെട്ടിടങ്ങൾ ഒരുമിച്ചുണ്ടായതല്ല. അവ ആദരവും ബഹുമാനവും കാണിക്കേണ്ടതിനു ഒരു എഞ്ചിനീയർ രൂപപ്പെടുത്തിയതാണ്. ലിങ്കൺ മെമ്മോറിയൽ ഹാളിൽ ഗെയിംസ് കളിക്കുന്നതു ഊഹിക്കുവാൻ പോലും എനിക്കു കഴിയുന്നില്ല. കെട്ടിടം എന്തിനെ പ്രതിനിധാനം ചെയ്യുന്നു എന്ന കാരണത്താൽ അതുപോലെയുള്ള കെട്ടിടങ്ങളിൽ അരുതാത്ത ചില പ്രവൃത്തികൾ പുറത്താണ് നടത്തുന്നത്.

പ്രാദേശിക ഇടവക ആരാധിക്കുവാൻ കൂടി വരുന്ന കെട്ടിടം ദൈവത്തിന്റെ മന്ദിരം അല്ല. എങ്ങനെയായാലും, സഭ ആരാധിക്കുവാൻ കൂടി വരുമ്പോൾ, അവിടെ ദൈവത്തിന്റെ മന്ദിരം ഉണ്ട്. അത് അവിടെ ഉണ്ടെന്നു പറയുവാൻ കാരണം ദൈവജനം അവിടെയുണ്ട്. ദൈവജനമാണ് ദൈവത്തിന്റെ മന്ദിരം ആകുന്നത്.

ദൈവമന്ദിരം ദൈവം ഒന്നിച്ചുണ്ടാക്കിയതല്ല എന്നോർക്കുക. അവന്റെ പുത്രനെ അവൻ ലോകത്തിലേക്ക് അയച്ചതിനുള്ള കാരണം നിങ്ങളുടെ ആകൃതിമാറ്റി അവന്റെ മന്ദിരത്തിന്റെ ഭാഗമാക്കി മാറ്റുവാനായിരുന്നു.

ദൈവാലയം കാണുവാൻ ആളുകൾ യെരുശലേമിലേക്കു പോകുമായിരുന്നു. ദൈവത്തെ ആദരിക്കുന്ന മന്ദിരം കാണുവാൻ ഇന്ന് ആളുകൾ എവിടെയാണ് പോകേണ്ടത്? അവർക്കു കാണുവാൻ കഴിയുന്ന ഏക മന്ദിരം ക്രിസ്ത്യാനികളാണ്. ദൈവമഹത്വത്തെ കുറിച്ചു അവർക്കുള്ള കാഴ്ച്ചപ്പാടാണ് അവർ ക്രിസ്തുവിനുള്ളവരിൽ കാണുന്നത്!

അവർ എന്താണ് കാണുന്നത്? ഒരു സഭയായി ദൈവത്തെ കുറിച്ചു നാം എന്താണ് അവരോടു പറയുന്നത്? അവന്റെ സ്നേഹം, അവന്റെ ദയ, അവന്റെ കരുതൽ, അവന്റെ വിശുദ്ധി, അവന്റെ ക്ഷമ എന്നിവയാണോ അവർ നമ്മിൽ കാണുന്നത്? ദൈവത്തിനു വാസ്തവത്തിൽ കാര്യമുള്ളതാണോ അവർ നാം മുഖാന്തരം കാണുന്നത്?

ദൈവത്തിന്റെ മന്ദിരത്തിൽ ആളുകൾ എന്താണ് കാണുന്നത്? ക്രിസ്ത്യാനികൾ കെട്ടിടത്തിലെ കല്ലുകളാണ്. ഈ ലോകത്തിൽ ദൈവത്തിനുള്ള ഏക മന്ദിരത്തിലാണ് നിങ്ങളും ഞാനും ഭാഗമായി തീർന്നിരിക്കുന്നത്. അതു ഏതു തരത്തിലുള്ള മന്ദിരം ആണ്?

## ഉപസംഹാരം

തന്റെ ലക്ഷ്യസ്ഥാനം, ജീവിതത്തിൽ കുറെക്കാലം മറന്നുപോയവനായിരുന്നു, സിംബ എന്ന സിംഹ രാജാവ്. അവൻ ജനിച്ചതു രാജാവാകുവാനാണ് എന്ന് അവനെ ഓർപ്പിക്കേണ്ടിയിരുന്നു.

പൗലൊസ് 2:19-22-ൽ, പൗലൊസ് പറയുന്നത്, ചുരുക്കത്തിൽ, “നിങ്ങളുടെ ലക്ഷ്യസ്ഥാനം ദൈവത്തിന്റെ മന്ദിരം ആകുക എന്നതാണ്. കല്ലും, ചാന്തും, മരവും കൊണ്ടുള്ള മന്ദിരം അല്ല ദൈവം ആഗ്രഹിക്കുന്നത്. ഒരു ഭൂപടത്തിൽ ചൂണ്ടികാണിക്കാവുന്ന ഒരു മന്ദിരത്തിൽ അല്ല അവൻ വസിക്കുവാൻ ആഗ്രഹിക്കുന്നത്. തന്റെ ജനത്തിന്റെ ഹൃദയങ്ങളിലാണ് അവൻ വസിപ്പാൻ ആഗ്രഹിക്കുന്നത്. മാറിയ ജീവിതങ്ങളിലാണ് അവന്റെ മഹത്വം അവൻ പ്രദർശിപ്പിക്കുന്നത്. അവൻ വാസ്തവത്തിൽ ആരാണെന്ന് ജനങ്ങൾ കാണുവാൻ അവൻ ആഗ്രഹിക്കുന്നു.”

തന്റെ ജനത്തിൽ വസിക്കുന്ന ദൈവത്തെ ആളുകൾക്ക് നമ്മിൽ കാണുവാൻ കഴിയുന്നുണ്ടോ? നിങ്ങളുടെ പ്രദേശത്തെ പ്രാദേശിക സഭ ദൈവത്തെ

മഹത്വപ്പെടുത്തേണ്ടതിന് പ്രോത്സാഹിപ്പിക്കുവാൻ തക്കവണ്ണം നന്മയുള്ളതായി ആളുകൾ കാണുന്നുണ്ടോ?

ഈ ആഴ്ച്ചയിലെ നിങ്ങളുടെ ജീവിതത്തെ പ്രത്യേകമായി കാണുക. നിങ്ങൾ വെറും ഉപജീവനത്തിനായി ജോലിചെയ്യുന്ന, ഒരു വീടു സൂക്ഷിക്കുന്ന, സ്കൂളിൽ പോകുന്ന, കടയിൽ പോകുന്ന, കളിക്കുന്ന, അല്ലെങ്കിൽ നിക്ഷേപിക്കുന്ന വ്യക്തി മാത്രം അല്ല. ആളുകളെ യേശുവിന്റെ അടുക്കൽ എത്തിക്കുവാൻ ദൈവവുമായി പ്രവർത്തിക്കുന്നവരാണ് നിങ്ങൾ. നിങ്ങൾ ഈ ആഴ്ച്ച കാണുന്ന ഓരോരുത്തരും ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിനു യോജിക്കുന്ന ദൈവം ആഗ്രഹിക്കുന്ന വ്യക്തി ആണ്. അവർക്കെല്ലാവർക്കും ദൈവ ഹൃദയത്തിൽ വേർതിരിച്ചിരിക്കുന്ന ഒരു സ്ഥാനം ഉണ്ട്.

നിങ്ങൾ ആരാണെന്ന കാര്യം മറക്കരുത്. ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിന്റെ മഹത്വം ആളുകൾ കാണണമെന്നുണ്ടെങ്കിൽ, അതു നിങ്ങളിലും എന്നിലും ആണ്.